**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ "2216-80-800-89(NP) ശീർഷകത്തിലുള്ള തുക ചെലവാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 566 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 05/03/2013.

===================================================================

പരാമർശം:-1) 7.11.2009-ലെ സ.ഉ(എം.എസ്)207/09/തസ്വഭവ.

2) 31.01.2009-ലെ സ.ഉ(എം.എസ്)നം.15/2009/തസ്വഭവ.

3) 07.12.2011-ലെ സ.ഉ(എം.എസ്)നം.306/2011/തസ്വഭവ.

4) 20.03.2012-ലെ സ.ഉ(ആർ.റ്റി)നം.819/2012/തസ്വഭവ.

5) 12.02.2013-ലെ സ.ഉ(സാധാ)നം.373/13/തസ്വഭവ.

6) ഗ്രാമവികസന കമ്മീഷണറുടെ 20/04/2012-ലെ 23688/ജെ.ആർ.വൈ1/11/ഗ്രാ.വി.ക നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ ദരിദ്രരായ എല്ലാവർക്കും വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്ന വായ്പയുടെ വലിശ പൂർണ്ണമായും സർക്കാർ തന്നെ വഹിക്കുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ പലിശയിനത്തിൽ വിവിധ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കേണ്ട തുക സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഗ്രാമവികസന കമ്മീഷണർക്ക് നൽകുന്നതിനും അതനുസരിച്ച് ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും മാറി ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിനും സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

3) 2012-13 സാമ്പത്തിക വർഷത്തിൽ, പലിശയിനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 31.12.2011 മുതൽ 31.03.2012 വരെ ബാങ്കുകൾക്ക് നൽകാനുള്ള തുകയും 2012-13 സാമ്പത്തിക വർഷത്തിൽ തുടർന്ന് നൽകുവാനുള്ള തുകയും നൽകുന്നതിനായി " 2216-80-800-89 NP (V) ഇ.എം.എസ് ഭവന പദ്ധതി -സഹകരണ ബാങ്കുകളിൽ നിന്നും മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയിനത്തിലുള്ള സഹായം " എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 200 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പഞ്ചായത്തുകൾക്ക് 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിക്കേണ്ടിയിരുന്ന 7,59,40,535/- (ഏഴ് കോടി അമ്പത്തൊമ്പത് ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തഞ്ച് ) രൂപ ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും അനുവദിച്ച് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള പലിശ നൽകുന്നതിനായി 40 കോടി രൂപ വകയിരുത്തിയിരുന്ന " 2216-80-800-89 NP (V) ഇ.എം.എസ് ഭവന പദ്ധതി -സഹകരണ ബാങ്കുകളിൽ നിന്നും മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയിനത്തിലുള്ള സഹായം " എന്ന ശീർഷകത്തിൽ ബാക്കിയുള്ള 32,40,59,465/- (മുപ്പത്തി രണ്ടു കോടി നാൽപ്പത് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി നാനൂറ്റി അറുപത്തഞ്ച്) രൂപ ചെലവാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**വി.എസ്. സെന്തിൽ**
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ജില്ലാ കളക്ടർ, തൃശ്ശൂർ/കണ്ണൂർ/കാസർഗോഡ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (27.12.2012-ലെ 101774/ഡെവ.2/12/ധന)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, , തൃശ്ശൂർ/കണ്ണൂർ/കാസർഗോഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ